# പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3069 10.03.2017- ൽ മറുപടിക്ക്

## സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എൽദോ എബ്രഹാം** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിൽ നിന്നും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ കാലതാമസം മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) അപേക്ഷകൻ ഹാജരാക്കുന്ന രേഖകളുടേയും വില്ലേജാഫീസറുടെ സ്വതന്ത്രമായ പ്രാദേശിക അന്വേഷണത്തിന്റെയും നിലവിലുള്ള സർക്കാർ ഉത്തരവുകളുടേയും സർക്കുലറുകളുടേയും അടിസ്ഥാനത്തിലാണ് റവന്യൂ വകുപ്പിൽ നിന്ന് സർട്ടിഫിക്കറ്റുകൾ നൽകി വരുന്നത്. തെറ്റായോ. വ്യാജമായോ സർട്ടിഫിക്കറ്റ് നൽകുന്നതുമൂലം ആർക്കെങ്കിലും അനർഹമായ ആനുകൂല്യങ്ങൾ ലഭിച്ചാൽ അതിനുള്ള പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കായതിനാൽ വിശദമായ അന്വേഷണത്തിനു ശേഷം മാത്രമേ സർട്ടിഫിക്കറ്റുകൾ അനുവദിക്കാനാകൂ. റവന്യൂ വകുപ്പിൽ നിന്നും നൽകിവരുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും നിശ്ചിത സമയ പരിധിക്കുള്ളിൽ നൽകി വരുന്നതുമാണ്. |
| (ബി) എങ്കിൽ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും സർട്ടിഫിക്കറ്റുകളുടെ കാലാവധി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) പരിവർത്തിത ക്രൈസ്തവരുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് ഒരു വർഷമായും മറ്റ് വിഭാഗങ്ങളുടെ ജാതി സർട്ടി ഫിക്കറ്റിന്റെ സാധുതാ കാലയളവ് മൂന്ന് വർഷമായും നിശ്ചയിക്കുന്നതിന് റവന്യൂ, പട്ടികജാതി പട്ടികവർഗ്ഗ വികസന & പിന്നോക്ക സമുദായ വികസന വകുപ്പ കളുടെ സംയുക്ത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ |

ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച കാര്യങ്ങളിൽ നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**